പത്താം പഞ്ചവത്സര പദ്ധതി സമീപനരേഖയിൽ സംസ്ഥാന സർക്കാരിന് വിയോജിപ്പുള്ള നിർദ്ദേശങ്ങൾ

5 [5811] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവത്സര പദ്ധതി സമീപനരേഖയിലെ ഏതെല്ലാം നിർദ്ദേശങ്ങളോടാണ് സംസ്ഥാന സർക്കാർ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്;

(ബി) സംസ്ഥാന ഗവൺമെന്റിന്റെ വിയോജിപ്പ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന ഗവൺമെന്റിന് വിയോജിപ്പുള്ള നിർദ്ദേശങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ പഞ്ചവത്സര പദ്ധതി സമീപനരേഖയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് വിയോജിപ്പുള്ള ചില പ്രധാന നിർദ്ദേശങ്ങളെ സംബന്ധിച്ച് പ്രകടിപ്പിച്ച അഭിപ്രായങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

1. കാർഷികമേഖലയിലും വളം, വൈദ്യുതി, ജലസേചനം എന്നിവയ്ക്കും പൊതുവിതരണ രംഗത്തും നൽകിവരുന്ന സബ്സിഡികൾ നിർത്തലാക്കണമെന്ന നിർദ്ദേശത്തോട് യോജിക്കാൻ കഴിയുകയില്ല. ഇത്തരം സബ്സിഡികൾ നിലനിർത്തേണ്ടതാണ്. അവയുടെ ഗുണങ്ങളും നിർത്തലാക്കിയാലുള്ള ദോഷങ്ങളും സംബന്ധിച്ച വിലയിരുത്തൽ ആവശ്യമാണ്.

2. പൊതുമേഖലാ വ്യവസായങ്ങൾ പൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതിനുള്ള നിർദ്ദേശത്തോട് യോജിക്കാൻ കഴിയുകയില്ല.

3. പ്രത്യേക പ്രോജക്ടുകളുമായി ബന്ധപ്പെടുത്തി പദ്ധതിക്കുള്ള കേന്ദ്ര സഹായം നൽകുന്നതിനുള്ള നിർദ്ദേശത്തോട് യോജിക്കാൻ കഴിയുകയില്ല.

4. സംസ്ഥാന പദ്ധതി വിഹിതം നൽകുന്നതിന് ഒരു ഫണ്ട് രൂപീകരിക്കാനുള്ള നിർദ്ദേശത്തോട് യോജിക്കാൻ കഴിയുകയില്ല. ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് ദേശീയ വികസന സമിതിയുടെ പ്രതിനിധികളടങ്ങിയ സമിതികളാകണം. ഈ തീരുമാനങ്ങൾ കാലാകാലങ്ങളിൽ അവലോകനം ചെയ്യപ്പെടണം.

5. പൊതുവിതരണ സമ്പ്രദായത്തിൽനിന്നും പഞ്ചാസാരയെ ഒഴിവാക്കമെന്ന നിർദ്ദേശം സ്വീകാര്യമല്ല.

6. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പരിഗണന നൽകാത്തതിനോട് യോജിക്കാൻ കഴിയുകയില്ല.

7. ഭരണഘടനാപരമായ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയെ സമീപനരേഖയിൽ പാടെ അവഗണിക്കപ്പെട്ടിരിക്കുന്നു. ഇത് ഖേദകരമാണ്.

8. പദ്ധതിയേതര ചെലവ് ഒരേ നിലയിൽ നിലനിർത്തണമെന്ന നിർദ്ദേശത്തോട് യോജിക്കാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്താം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖ ചർച്ച ചെയ്യാൻ ചേർന്ന ദേശീയ വികസന സമിതിയുടെ യോഗത്തിൽ സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ അറിയിച്ചിരുന്നു.

(സി, ഡി) കേരളത്തിന് പുറമേ മറ്റ് പല സംസ്ഥാനങ്ങളും സമീപന രേഖയിലെ നിർദ്ദേശങ്ങളെ സംബന്ധിച്ച് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്നു. ഇവ വിശദമായി പരിശോധിച്ച് ആവശ്യമായ ശുപാർശകൾ നൽകുന്നതിനുവേണ്ടി ദേശീയ വികസന സമിതിയുടെ ഉപസമിതികളെ നിയോഗിക്കുകയാണുണ്ടായത്.

മലബാർ മേഖലയിൽ ബൊട്ടാണിക് ഗാർഡൻ സ്ഥാപിക്കാൻ നടപടി

6 [5815] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ബൊട്ടാണിക് ഗാർഡൻ സ്ഥാപിക്കുന്നതിന് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്നായിരുന്നു ഈ തീരുമാനമെടുത്തത്;

(സി) ഏതു പ്രദേശമാണ് ഇതിനായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) ഇല്ലെങ്കിൽ മലബാർ മേഖലയിലെ ജൈവവൈവിദ്ധ്യ സമ്പന്നത പരിഗണിച്ച് ഇവയുടെ നിലനിൽപ്പിനും പുനരുജ്ജീവനത്തിനും ഗവേഷണങ്ങൾക്കും വിവേകപൂർവ്വമായ ഉപയോഗത്തിനും ഉതകുംവിധം ഇവിടെ ഒരു ബൊട്ടാണിക് ഗാർഡൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഇ) മലബാർ മേഖലയിൽ ഒരു ബൊട്ടാണിക് ഗാർഡൻ സ്ഥാപിക്കുന്നതിന് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പോ സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലോ ഈയിടെ തീരുമാനം ഒന്നും എടുത്തിട്ടില്ല. എന്നാൽ മലബാർ മേഖലയിലെ ജൈവ വൈവിധ്യ സമ്പത്തിന്റെ നിലനിൽപ്പിനും പുനർജീവനത്തിനും ഉതകുംവിധം ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിൽ മലബാർ ബൊട്ടാണിക്കൽ ഗാർഡൻ 1996 ഏപ്രിൽ മാസം മുതൽ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പഞ്ചായത്തിലാണ് ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നുത്.

സർക്കാർ ജീവനക്കാരുടെ പ്രൊമോഷനുകളിലെ വൈരുദ്ധ്യം

7 [5826] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly